# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3185 — 21.08.2017 ൽ മറുപടിയ്ക്ക്

### അൻപത് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| അൻപത് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നിലവിൽ പദ്ധതികളുണ്ടോ; വിശദമാക്കാമോ? | ഇരുപത്തി അഞ്ച് ശതമാനത്തിലധികം ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്കേന്ദ്രസഹായത്തോടെ യുള്ള പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വയനാട് ജില്ലയിലെ കൽപ്പറ്റ, മാനന്തവാടി, പനമരം, സുൽത്താൻബത്തേരി എന്നീ ബ്ലോക്കുകളിലെ സ്കൂളുകളിലും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലെ സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ